**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 112** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേശ്വരം താലൂക്ക് മുൻസിഫ് കോടതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് കോടതി തുടങ്ങുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതികൾ, സബ് കോടതികൾ/അഡീഷണൽ സബ് കോടതികൾ /ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ, മുൻസിഫ്/മുൻസിഫ് മജിസ്ട്രേറ്റ്/ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ എന്നിവ സ്ഥാപിക്കുന്നത് 02.03.2016 തീയതിയിലെ സ.ഉ.(കൈ) നം. 79/2016/ആഭ്യന്തരം പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാപട്ടികയിൽ നിന്നുമാണ്.

മുൻസിഫ്/മുൻസിഫ് മജിസ്ട്രേറ്റ്/ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ/ മൊബൈൽ കോടതികൾ എന്ന തലക്കെട്ടിൽ നിലവിൽ 53 കോടതികൾ ഉണ്ട്. മഞ്ചേശ്വരം മുൻസിഫ് മജിസ്ട്രേറ്റ് കോടതിയെ ഇനം.നം. 61 ആയി ഉൾപ്പെടുത്തുവാൻ ഹൈക്കോടതി ശിപാർശ സമർപ്പിച്ചിട്ടുണ്ട്. മുൻഗണനാപട്ടിക ക്രമപ്രകാരം ഹൈക്കോടതിയിൽ നിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് മഞ്ചേശ്വരം മുൻസിഫ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**